പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 308</u>      <u>25.06.2012 ൽ മറുപടിക്ക്</u>

## സ്ത്രീകളുടെ സുരക്ഷയ്ക്ക് പുതിയ നിയമം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>,, വി. ഡി. സതീശൻ<br>,, ഹൈബി ഈഡൻ<br>,, സി. പി. മുഹമ്മദ് | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) സ്ത്രീകളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം കർമ്മ പരിപാടികളാണ് ആസൂത്രണം ചെയ്യാനുദ്ദേശിക്കുന്നത്; ഇതിനായി പുതിയ നിയമം കൊണ്ടുവരുന്നകാര്യം പരിഗണനയിലുണ്ടോ; | (എ) സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച പരാതിയിന്മേൽ ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 376, 304(b), 354, 366, 498 (A), 509 എന്നീ വകുപ്പുകൾ പ്രകാരവും കേരള പോലീസ് ആക്ട് 2011 ലെ 119(1) (A), (B) വകുപ്പുകൾ പ്രകാരവും കേസുകൾ രജിസ്റ്റർ ചെയ്ത് കർശന നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. അതിക്രമങ്ങൾക്കെതിരെ സ്ത്രീകൾക്ക് ടെലിഫോൺ മുഖേന നേരിട്ട് പരാതി നൽകുന്നതിനായി കോൾ സെന്റർ, Quick Response Team എന്നിവ പോലീസ് കൺട്രോൾ റൂമുകളോട് ചേർന്ന് സജ്ജമാക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ 300 പോലീസ് സ്റ്റേഷനുകളിൽ വനിതാ ഹെൽപ് ഡെസ്കുകൾ ആരംഭിക്കുന്നതിനും അവിടെ വനിതാ സിവിൽ പോലീസ് ഓഫീസർമാരുടെ സേവനം ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുന്നുണ്ട്. സാമൂഹ്യക്ഷേമവകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ എന്നിവയുടെ സഹകരണത്തോടെ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചും ജാഗ്രതാസമിതികൾ രൂപീകരിച്ചും സ്ത്രീപീഡനം നിയന്ത്രിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>നിയമസഹായത്തിനായി പോലീസ് സ്റ്റേഷനുകളിൽ എത്തുന്ന സ്ത്രീകൾക്ക് വനിതാ റിസപ്ഷൻ ഡെസ്ക്, വനിതാ ഹെൽപ്പ്ലൈൻ, വനിതാ സെൽ എന്നിവ |

യിലൂടെ സഹായം ലഭ്യമാക്കുന്നുണ്ട്. 43 ജന മൈത്രി പോലീസ് സ്റ്റേഷനുകളെ സ്ത്രീ സൗഹൃദ പോലീസ് സ്റ്റേഷനുകളായി പരിവർത്തനം ചെയ്തിട്ടുണ്ട്. സ്ത്രീകൾക്ക് പരാതി രഹസ്യമായി നൽകുന്നതിന് പരാതി കാർഡുകൾ വിതരണം ചെയ്തിട്ടുണ്ട്. ഭിക്ഷാടനത്തിനും വേശ്യാവൃത്തിക്കുമായി സ്ത്രീകളെയും കുട്ടികളെയും കടത്തിക്കൊണ്ടുപോകുന്നത് കണ്ടെത്തുന്നതിനും നിയന്ത്രിക്കുന്നതിനുമായി രൂപീകരിച്ച Anti Human Trafficking Unit (AHTU) കൾ സംസ്ഥാനത്ത് എല്ലാ ജില്ലകളിലും ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ട്.

വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ച് നടപ്പിലാക്കി വരുന്ന സ്റ്റുഡന്റ് പോലീസ്കേഡറ്റ്, സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പ് എന്നീ പദ്ധതിയുടെ ഭാഗമായി പെൺകുട്ടികളുടെയും, സ്ത്രീകളുടെയും സുരക്ഷ, മൊബൈൽ ഫോണുകളുടെ ദുരുപയോഗം തുടങ്ങിയ കാര്യങ്ങളിൽ വിശദമായി ബോധവൽക്കരണം നടത്തിവരുന്നു.

തീവണ്ടികളിലെ. സ്ത്രീ യാത്രക്കാരുടെ സുരക്ഷയ്ക്കായി 56 വനിതാ സിവിൽ പോലീസ് ഓഫീസർമാരെ റെയിൽവേ പോലീസിന്റെ കീഴിൽ വിന്യസിച്ചിട്ടുണ്ട്. റെയിൽവേ സ്റ്റേഷന് പുറമേയുള്ള പരിസരങ്ങളിൽ പട്രോളിംഗ് നടത്തിയും പോലീസ് എയ്ഡ്പോസ്റ്റുകൾ വഴിയും സ്ത്രീ യാത്രക്കാരുടെ സുരക്ഷ ഉറപ്പുവരുത്തുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

| | | |
|---|---|---|
| (ബി) നിയമത്തിൽ ഉൾപ്പെടുത്തേണ്ട വ്യവസ്ഥകൾ വനിതാ സംഘടനകളുമായി ചർച്ചചെയ്യുമോ;<br>(സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ? | (ബി) യും (സി) യും | ഈ കാര്യം സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ